**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്റ്റ് കമ്മിറ്റി VIII
## (സാമ്പത്തികകാര്യങ്ങൾ)

**(2012–2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നത്

2013 ................................–ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

**സബ്ജക്റ്റ് കമ്മിറ്റി VIII**
**(സാമ്പത്തികകാര്യങ്ങൾ)**

**(2012–13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ**
**സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത്**
**റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നത്

2013 ................................-ാം തീയതി സമർപ്പിച്ചത്

876/2013.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VIII

## സാമ്പത്തികകാര്യങ്ങൾ

(2011-2013)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ:

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

„ വി. ചെന്താമരാക്ഷൻ

„ കോവൂർ കുഞ്ഞുമോൻ

„ മുല്ലക്കര രത്നാകരൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. വി. ഡി. സതീശൻ

ഡോ. ടി. എം. തോമസ് ഐസക്

ശ്രീ. എം. പി. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

„ കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി

„ തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII (2011-13)-ന്റെ ചെയർമാനായ ഞാൻ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ കളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന കളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 7-11-2012, 14-6-2013 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2013 ജൂൺ മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. എം. മാണി,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2013 ജൂൺ 14.

# റിപ്പോർട്ട്

## 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

## ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായനികുതിയും വില്പനനികുതിയും

### ശുപാർശ (ഖണ്ഡിക 1)

2040-00-101-94—കമ്പ്യൂട്ടർവൽക്കരണം

സംസ്ഥാനത്തിന്റെ പ്രധാന സാമ്പത്തിക സ്രോതസ്സുകളിലൊന്നായ വാണിജ്യനികുതി വകുപ്പിന് നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് നികുതിവെട്ടിപ്പ് കണ്ടെത്തുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഇപ്പോൾ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ വാണിജ്യനികുതി വകുപ്പിൽ പഴക്കമേറിയ കമ്പ്യൂട്ടറുകൾ മാറ്റിസ്ഥാപിക്കുക, ഡിസാസ്റ്റർ റിക്കവറി സെന്റർ ആരംഭിക്കുക, ലാപ്ടോപ്പുകൾ വാങ്ങുക, നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനുള്ള സൈബർ ഫോറൻസിക് ലാബ് കമ്പ്യൂട്ടറൈസേഷൻ, വീഡിയോ കോൺഫറൻസിംഗ് എന്നിവയ്ക്കായി നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 9.25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

വാണിജ്യ നികുതി വകുപ്പിൽ 2003 കാലഘട്ടങ്ങളിൽ വാങ്ങി സ്ഥാപിച്ച 965 കമ്പ്യൂട്ടറുകൾ തിരിച്ചെടുക്കൽ വ്യവസ്ഥയിൽ 2,49,76,613 രൂപ ചെലവാക്കുന്നതിനായി 6-11-2012-ലെ ജി.ഒ.(ആർറ്റി.) നമ്പർ 840/2012/നി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. വാണിജ്യനികുതി വകുപ്പിൽ നികുതി ഭരണനിർവ്വഹണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടു. നിലവിലുള്ള കമ്പ്യൂട്ടർ സെർവർ സംവിധാനം പഴക്കമേറിയതിനാൽ അവ അപ്ഗ്രേഡ് ചെയ്തശേഷം മാത്രമേ ഡിസാസ്റ്റർ റിക്കവറി സൈറ്റ് സജ്ജമാക്കുവാൻ സാധിക്കുകയുള്ളു. ഈ സംരംഭത്തിന്റെ സാങ്കേതിക ഉപദേഷ്ടാവായി കെ.പി.എം.ജി.എ. കമ്പനിയെ 21-5-2013-ലെ ജി.ഒ.(ആർറ്റി.) നമ്പർ 408/2013/നി.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൺസൾട്ടൻസിയുടെ ചെലവിലേക്കായി 34,96,643 രൂപ അനുവദിച്ചിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം സുസജ്ജമാക്കുന്നതിന്റെ ഭാഗമായി 126 ലാപ്ടോപ്പുകളും ഡാറ്റാ കാർഡും വാങ്ങുന്നതിനായി 26-3-2013-ലെ ജി.ഒ.(ആർറ്റി.) നമ്പർ 260/2013/നി.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിലേക്കായി 45,23,400 രൂപ അനുവദിച്ചിട്ടുണ്ട്. നികുതി വെട്ടിപ്പ് സംബന്ധമായ കേസുകൾ വിശകലനം ചെയ്യുന്നതിനുവേണ്ടിയുള്ള സൈബർ ഫോറൻസിക് ലാബ് ആരംഭിക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനായി 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വാണിജ്യനികുതി വകുപ്പിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായി നിലവിൽ ലഭ്യമായിട്ടുള്ള സംവിധാനം ഉപയോഗപ്പെടുത്തുവാൻ വാണിജ്യ നികുതി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 13255/ബി2/2013/നി.വ. തീയതി 5-6-2013.)

876/2013.

ശുപാർശ (ഖണ്ഡിക 2)

2040-00-101-97-34—വാണിജ്യ നികുതി ഓഫീസുകൾ-മറ്റ് ചെലവുകൾ

സംസ്ഥാനത്ത് ആകെയുള്ള 75 ചെക്ക് പോസ്റ്റുകളിൽ 6 എണ്ണം 'എ' ഗ്രേഡും 4 എണ്ണം 'ബി' ഗ്രേഡും 33 എണ്ണം 'സി' ഗ്രേഡും ബാക്കി 32 എണ്ണം താൽക്കാലിക ചെക്ക് പോസ്റ്റുകളുമാണ്. സ്ഥിരമായ വരുമാന വർദ്ധനവ് ലഭ്യമാക്കുന്ന ഈ ചെക്ക് പോസ്റ്റുകൾ നവീകരിച്ച് പ്രവർത്തനസജ്ജമാക്കേണ്ടതുണ്ട്. ആയതിനാൽ ചെക്ക് പോസ്റ്റുകളുടെ നവീകരണം, വെയ് ബ്രിഡ്ജുകൾ സ്ഥാപിക്കൽ, എറണാകുളം, പാലക്കാട്, കോട്ടയം, കൊല്ലം എന്നിവിടങ്ങളിൽ കെട്ടിട സമുച്ചയനിർമ്മാണം എന്നിവയ്ക്കും അഗ്നിശമന ഉപകരണങ്ങൾ വാങ്ങുക, തൃശ്ശൂരിലെ കെട്ടിടം കമ്മീഷൻ ചെയ്യുക എന്നിവയ്ക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ ചെക്ക് പോസ്റ്റുകളുടെ നവീകരണ പുനരുദ്ധാരണ പ്രവർത്തന ങ്ങൾക്കായി 20 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വാളയാർ (ഇൻ) ചെക്ക് പോസ്റ്റ് നവീകരണത്തിനായി 16-10-2006-ലെ ജി.ഒ.(എംഎസ്.) നമ്പർ 114/2006/നി.വ. പ്രകാരം 12.49 ഹെക്ടർ ഭൂമി ഫാസ്റ്റ് ട്രാക്ക് രീതിയിൽ ഏറ്റെടുക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ഇതിലേക്കായി 9 കോടി രൂപ വാണിജ്യനികുതി വകുപ്പ്, റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. വാളയാർ (ഔട്ട്) ചെക്ക് പോസ്റ്റിന്റെ നവീകരണത്തിനായി പുതുശ്ശേരി വില്ലേജിൽ 7.82 ഹെക്ടർ സ്ഥലം ഏറ്റെടുക്കാൻ 26-6-2010-ലെ ജി.ഒ.(ആർറ്റി.) നമ്പർ 163/2010/നി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇതിനോടനുബന്ധിച്ച് നിലവിലുണ്ടായിരുന്ന കേസ്സുകളിലെ സ്റ്റേ ഉത്തരവ് ഒഴിവാക്കിയ സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. മുത്തങ്ങയിൽ സംയോജിത ചെക്ക് പോസ്റ്റ് (ഇൻ) നിർമ്മാണത്തിനായി 3.22 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 25-1-2010-ലെ ജി.ഒ.(എംഎസ്.) നമ്പർ 22/2010/നി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൂടാതെ മുത്തങ്ങയിൽ ഔട്ട് ചെക്ക് സ്ഥാപിക്കുന്നതിനായി 0.7 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 25-7-2011-ലെ ജി.ഒ.(എംഎസ്.) നമ്പർ 93/2011/നി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് റവന്യൂ വകുപ്പ് 6-7-2010-ന് നോട്ടിഫിക്കേഷൻ നൽകിയെങ്കിലും തുടർനടപടികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. തുടർന്ന് 12-11-2011-ൽ വീണ്ടും നോട്ടിഫിക്കേഷൻ നൽകി. എന്നാൽ റീ-സർവ്വേ നമ്പരിലും ഭൂമിയുടെ വിസ്തീർണ്ണ ത്തിലും വ്യത്യാസങ്ങൾ കാണപ്പെട്ടതിനാൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ ഉത്തരവ് നൽകുവാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. തെന്മലയിൽ വനഭൂമി ഏറ്റെടുത്ത് സംയോജിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുമെന്നുള്ളതിനാൽ നിലവിൽ ആര്യങ്കാവ് ചെക്ക് പോസ്റ്റ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് സംയോജിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള

സാധ്യതകൾ ആരാഞ്ഞുവരികയാണ്. വഴിക്കടവിൽ (മലപ്പുറം) സംയോജിത ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിനായി വനം വകുപ്പുമായി കൂടിയാലോചിച്ച് വേണ്ടനടപടികൾ സ്വീകരിക്കുവാനായി മലപ്പുറം ഡെപ്യൂട്ടി കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുയോജ്യമായ വനഭൂമി ലഭ്യമാക്കുന്നതിനുള്ള സർവ്വേ നടപടികൾ റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ബംഗ്രാ മഞ്ചേശ്വരത്ത് സംയോജിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ബി.എസ്.എൻ.എൽ. സമർപ്പിച്ച 14.28 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. പെർള, കമ്പംമെട്ട്, ബോട്ടിമെട്ട് എന്നീ ചെക്ക് പോസ്റ്റുകളിൽ വെയ് ബ്രിഡ്ജുകൾ സ്ഥാപിച്ച് നവീകരിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. എറണാകുളത്ത് അഡീഷണൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് നൽകുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിഗണിക്കുന്നതാണ്. പാലക്കാട് ഇന്റലിജൻസ് വിഭാഗത്തിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. കോട്ടയം വാണിജ്യനികുതി കോംപ്ലക്സിൽ അഡീഷണൽ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് നൽകുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. കൊല്ലം വാണിജ്യനികുതി കാര്യാലയത്തിൽ അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി 13-5-2013-ലെ ജി.ഒ.(ആർറ്റി.) നമ്പർ 389/2013/നി.വ. ഉത്തരവ് പ്രകാരം 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ വാണിജ്യനികുതി കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കുന്നതിന് കിറ്റ്കോ സമർപ്പിച്ച 4.49 കോടി രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകാൻ തീരുമാനമായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 13255/ബി2/2013/നി.വ. തീയതി 5-6-2013.)

ശുപാർശ (ഖണ്ഡിക 3)

2045-00-200-97-04-01—യാത്രാചെലവുകൾ-യാത്രാബത്ത

1988-ലെ സിനിമ (റെഗുലേഷൻ) റൂൾസ് പ്രകാരം നിലവിലുള്ള തീയേറ്ററുകളും പുതുതായി സ്ഥാപിക്കുന്ന തീയേറ്ററുകളും പരിശോധിച്ച് സുരക്ഷാ സർട്ടിഫിക്കറ്റ് നൽകുന്ന ചുമതലയുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് യാത്രാബത്തയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 40,000 രൂപ ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക പ്രയാസംമൂലം സമിതി ശുപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ 5272/എ3/2012/ഊ.വ. തീയതി 14-6-2013.)

## ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

### ശുപാർശ (ഖണ്ഡിക 4, ഖണ്ഡിക 5)

### 2030-03-001-90—രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം

സംസ്ഥാനത്ത് റവന്യൂ വരുമാനം സ്വരൂപിക്കുന്ന പ്രധാന വകുപ്പുകളിൽ ഒന്നായ രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകൾ പലതും വാടക കെട്ടിടങ്ങളിലും സ്വന്തമായുള്ളവ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലുമാണ്. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും പഴയ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനും 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

രജിസ്ട്രേഷൻ വകുപ്പ് അടിയന്തിരമായി ആധുനികവൽക്കരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായി സമിതി കരുതുന്നു. പൊതുജനങ്ങൾ ഏറ്റവും കൂടുതൽ സമ്പർക്കം പുലർത്തുന്ന ഈ വകുപ്പിലെ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള രേഖകൾ കാലപ്പഴക്കം കൊണ്ട് നശിച്ചുപോകാൻ സാധ്യതയുള്ളതിനാൽ അവ ഡിജിറ്റൈസ് ചെയ്യേണ്ടതാണ്. ആയതിനാൽ രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2030-03-001-90 (പ്ലാൻ) എന്ന ശീർഷകത്തിൽ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 2012-13 വർഷത്തേക്ക് 1 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഈ ഫണ്ട് ഉപയോഗിച്ച് കെട്ടിടങ്ങളുടെ പുനരുദ്ധാരണം, ഓഫീസുകളുടെ സൈറ്റ് പ്രിപ്പറേഷൻ, വാഹനം വാങ്ങൽ, ബയന്റിംഗ് ജോലികൾ തുടങ്ങിയവ ചെയ്യുന്നതിനായി 2012-13 കാലയളവിൽ 96,34,928 രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്ജക്റ്റ് കമ്മിറ്റി ശുപാർശ ചെയ്ത അധിക തുക സാമ്പത്തിക പരിമിതിമൂലം അനുവദിക്കപ്പെടുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ 15421/ഇ3/12/ടി.ഡി. തീയതി 5-6-2013.)

### ശുപാർശ (ഖണ്ഡിക 6)

തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ഓഫീസും പ്രിൻസിപ്പൽ സബ്രജിസ്ട്രാർ ഓഫീസും പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 2003 നവംബർ മുതലുള്ള വാടക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സബ്ജക്റ്റ് കമ്മിറ്റി ശുപാർശ ചെയ്ത അധിക തുക സാമ്പത്തിക പരിമിതിമൂലം അനുവദിക്കപ്പെടുകയുണ്ടായില്ല.

തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നീ ഇനങ്ങളിൽ 2010 ജൂൺ വരെയുള്ള പലിശരഹിത കുടിശ്ശിക തുകയായ 5,03,800 രൂപ കെട്ടിടത്തിന്റെ ഉടമസ്ഥതയുള്ള കെ.എസ്.ആർ.ടി.സി.ക്ക് നൽകുന്നതിന് സർക്കാർ അനുമതി നൽകിക്കൊണ്ട് 21-5-2013-ൽ ഉത്തരവ് പുറപ്പെടവിച്ചിട്ടുണ്ട്. ടി കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. വാടക കുടിശ്ശിക നൽകുന്നതിന് അനുമതിക്കായുള്ള ശുപാർശ പ്രത്യേകമായി സമർപ്പിക്കുവാൻ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 15421/ഇ3/12/ടി.ഡി. തീയതി 5-6-2013)

ശുപാർശ (ഖണ്ഡിക 7)

ചങ്ങനാശ്ശേരി സബ്‌രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ 2000 ഡിസംബർ മുതലുള്ള വാടക കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 77.34 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്റ്റ് കമ്മിറ്റി ശുപാർശ ചെയ്ത അധിക തുക സാമ്പത്തികപരിമിതിമൂലം അനുവദിക്കപ്പെടുകയുണ്ടായില്ല.

ചങ്ങനാശ്ശേരി സബ്‌രജിസ്ട്രാർ ആഫീസ് പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകുന്നതിന് 77,20,000 രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, ടി തുക അഡീഷണൽ ആതറൈസേഷൻവഴി ലഭ്യമാക്കണമെന്നു രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ പിഴപ്പലിശ ഒഴികെയുള്ള തുക മാത്രമേ കുടിശ്ശികയിനത്തിൽ നൽകുവാൻ കഴിയുകയുള്ളൂ എന്നതിനാൽ ശുപാർശ പുനഃസമർപ്പിക്കപ്പെടുകയും പിഴപ്പലിശ ഒഴികെയുള്ള 50,76,651 രൂപ നൽകുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി 21-5-2013-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക അഡീഷണൽ ആതറൈസേഷൻവഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 15421/ഇ3/12/ടി.ഡി. തീയതി 5-6-2013)

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

2039-00-001-94—എക്സൈസ് വകുപ്പിന്റെ നവീകരണം

ശുപാർശ (ഖണ്ഡിക 8)

സംസ്ഥാന ഖജനാവിലേക്ക് ഏറ്റവും കൂടുതൽ വരുമാനം ലഭ്യമാക്കുന്ന എക്സൈസ് വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന സ്വന്തം കെട്ടിടങ്ങളിൽ ഭൂരിഭാഗവും ജീർണ്ണാവസ്ഥയിലാണ്. ബാക്കിയുള്ളവ വാടക കെട്ടിടങ്ങളിലാണ്

പ്രവർത്തിക്കുന്നത്. പഴയ കെട്ടിടങ്ങൾ പുതുക്കിപ്പണിയേണ്ടതും ആധുനികവൽക്കരിക്കേണ്ടതും വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതും അനിവാര്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ എക്സൈസ് വകുപ്പിന് കെട്ടിടം നിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ബഹു. ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ, എക്സൈസ് ഓഫീസ് കെട്ടിട പുനരുദ്ധാരണത്തിനായി ഒരു കോടി രൂപ വകയിരുത്തണമെന്ന് പ്രഖ്യാപിക്കുകയും, ടി തുക ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്. 2012-13 സാമ്പത്തികവർഷം "4059-01-051-94 എക്സൈസ് 16 വൻകിട മരാമത്ത് പണികൾ" എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തുന്നതിനായുള്ള നടപടി സ്വീകരിക്കാൻ പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 20605/എഫ്3/2012/നി.വ. തീയതി 6-11-2012.)

### ശുപാർശ (ഖണ്ഡിക 9)

എക്സൈസ് വകുപ്പിലെ ഓഫീസുകളുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും പദ്ധതിയിനത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

എക്സൈസ് വകുപ്പിലെ ഓഫീസുകളുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും, 2013-2014 വർഷത്തെ പദ്ധതിയിനത്തിൽ 11.73 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 20605/എഫ്3/2012/നി.വ. തീയതി 6-11-2012.)

### ശുപാർശ (ഖണ്ഡിക 10)

സംസ്ഥാനത്ത് മദ്യാസക്തിക്ക് അടിമപ്പെട്ടവരുടെ എണ്ണം ഏറിവരുന്ന സാഹചര്യത്തിൽ "മദ്യവിമുക്ത കേരളം" എന്ന ലക്ഷ്യപ്രാപ്തിക്കായി പ്രധാനമായും സ്കൂൾ, കോളേജ് കാമ്പസുകൾ കേന്ദ്രീകരിച്ച് സമഗ്ര മദ്യലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു. വകുപ്പിന്റെ ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ വകയിരുത്തിയിരുന്നതിലും കുറഞ്ഞ തുകയാണ് ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്നതെന്നും മദ്യാസക്തിക്കെതിരായ പ്രചരണ പരിപാടികൾക്ക് ഈ തുക തികച്ചും അപര്യാപ്തമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ മദ്യലഹരിവിരുദ്ധ ബോധവൽക്കരണ പദ്ധതികളുമായി ബന്ധപ്പെട്ട് വകുപ്പ് നടപ്പിലാക്കിവരുന്ന കർമ്മ പരിപാടികൾക്കും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ ഡീ അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും ഈ ശീർഷകത്തിൽ 3.80 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2011-12 സാമ്പത്തിക വർഷത്തിൽ 1.20 കോടി രൂപ 2039-00-001-95 മദ്യാസക്തിക്കെതിരായ പ്രചരണം (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ, മദ്യ മയക്കുമരുന്നു വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി, അനുവദിച്ചിരുന്നു. 2012-13 വർഷത്തിൽ 20.00 ലക്ഷം രൂപ ടി ശീർഷകത്തിൽ അനുവദിക്കുകയും, ബഹു. ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ, മദ്യവിമുക്ത കേരളം എന്ന ലക്ഷ്യം വച്ച് സമൂഹത്തിലെ ആബാലവൃദ്ധം ജനങ്ങളേയും ഉൾപ്പെടുത്തി, വിശിഷ്യ, സ്കൂൾ, കോളേജ് കാമ്പസുകൾ കേന്ദ്രീകരിച്ച് ഒരു സമഗ്ര ബോധവൽക്കരണ കാമ്പയിൻ നടത്തുന്നതിനായി ഒരു കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. 18-10-2012-ലെ സ.ഉ.(സാധാ.) നമ്പർ 794/2012/ നി.വ. പ്രകാരം ഒരു കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത തുക അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സർക്കാർ കത്ത് നമ്പർ 20605/എഫ്3/2012/നി.വ. തീയതി 6-11-2012.)

2039-00-001-99-15—<u>രഹസ്യസേവന ചെലവുകൾ</u>

<u>ശുപാർശ (ഖണ്ഡിക 11)</u>

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രഹസ്യാന്വേഷണം ശക്തിപ്പെടുത്തുന്നതിനായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 6.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2012-13 ലെ ബഡ്ജറ്റിൽ '2039-00-001-99-15 രഹസ്യസേവന ചെലവുകൾ' എന്ന ശീർഷകത്തിൽ 3.50 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അധികതുക 2013-14 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 20605/എഫ്3/2012/നി.വ. തീയതി 6-11-2012.)

2039-00-001-96—<u>ചാരായ നിരോധനം നടപ്പാക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട്.</u>

<u>ശുപാർശ (ഖണ്ഡിക 12)</u>

ചാരായ നിരോധനം നടപ്പിലാക്കിയ സാഹചര്യത്തിൽ ഈ ശീർഷകം 'വ്യാജമദ്യത്തിനെതിരെ നടപടിയെടുക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട്' എന്ന് മാറ്റണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

'2039-00-001-96 ചാരായ നിരോധനം നടപ്പിലാക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട്' എന്ന ശീർഷകം 'വ്യാജമദ്യത്തിനെതിരെ നടപടിയെടുക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട്' എന്നാക്കി മാറ്റണമെന്ന അപേക്ഷ, 2013-14 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 20605/എഫ്3/2012/നി.വ. തീയതി 6-11-2012.)

## ധനാഭ്യർത്ഥന നമ്പർ X—ട്രഷറികളും അക്കൗണ്ടുകളും

### 2054-00-095-96—അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും എ.ടി.എമ്മും സെൻട്രൽ സെർവർ സമ്പ്രദായം നടപ്പിലാക്കലും

#### ശുപാർശ (ഖണ്ഡിക 13)

സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും ധനവിനിയോഗ ത്തിലെ കൃത്യതയും സൂക്ഷ്മതയും ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ ഏത് ട്രഷറികളിൽ നിന്നും പണമിടപാട് നടത്താൻ കഴിയത്തക്കവിധം ട്രഷറികളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് നെറ്റ് വർക്കിംഗ്, കോർബാങ്കിംഗ്, ഇ-പേയ്മെന്റ്, എ.ടി.എമ്മുകൾ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ട്രഷറികളിൽ ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ പദ്ധതി വിഹിതമായി 15 കോടി രൂപ അധികമായി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

#### സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷത്തിൽ 2054-00-095-96 എന്ന ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലാത്തതിനാൽ അധിക തുക വകയിരുത്തേണ്ടി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 56428/എസ്റ്റാ.സി.3/12/ധന. തീയതി 25-5-2013.)

### 2054-00-098-88—ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിലെ കമ്പ്യൂട്ടർവൽക്കരണം

#### ശുപാർശ (ഖണ്ഡിക 14)

അധികാരവികേന്ദ്രീകരണത്തെ തുടർന്ന് പദ്ധതി അടങ്കലിന്റെ ഏകദേശം 40% തുകയും പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളിലൂടെ വിനിയോഗം ചെയ്തു തുടങ്ങിയതോടെ അതിവിപുലമായ പദ്ധതി പ്രവർത്തന പ്രക്രിയയുടെ നിയമപരമായ നിരീക്ഷണം, ഫലപ്രാപ്തി തുടങ്ങിയവ പരിശോധിക്കുന്നതിനും പോരായ്മകൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമുള്ള സുപ്രധാന ചുമതല നിർവ്വഹിക്കുന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഓഡിറ്റ് കാര്യക്ഷമത, പ്രൊഫഷണൽ സമീപനം എന്നിവ വർദ്ധിപ്പിക്കുന്നതിന് ജീവനക്കാർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകുകയും വകുപ്പ് ആധുനികവൽക്കരിക്കുകയും ചെയ്യേണ്ടതുണ്ട്. യഥാസമയം ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിനും ഓഡിറ്റ് കാര്യക്ഷമ മാക്കുന്നതിനും നെറ്റ് വർക്കിംഗ് സംവിധാനത്തോടുകൂടിയ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം വകുപ്പിൽ നടപ്പിലാക്കിവരുന്നു. കമ്പ്യൂട്ടർവൽക്കരണത്തിനായി മുൻവർഷങ്ങളിൽ അനുവദിച്ചിട്ടുള്ള തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. ആയതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ ത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ രണ്ടാം ഘട്ടത്തിലെ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം 60 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമാണെങ്കിൽ ഉചിതമായ മാർഗ്ഗത്തിലൂടെ അനുവദിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 56428/എസ്റ്റാ.സി.1/12/ധന. തീയതി 13-7-2012.)

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

2047-00-103-93—<u>ഏജന്റുമാർക്കും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമുള്ള പ്രോത്സാഹനം</u>

<u>ശുപാർശ (ഖണ്ഡിക 15)</u>

ദേശീയ സമ്പാദ്യ പദ്ധതിയിൽ ആകെ 15000 ഏജന്റുമാർക്ക് പ്രോത്സാഹന അലവൻസും ബോണസും 2011 നവംബർ മുതലുള്ള കുടിശ്ശികയും നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമുള്ള പ്രോത്സാഹന അലവൻസ്, ഈയിനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക എന്നിവയ്ക്കുമായി ഇപ്പോൾ അനുവദിച്ച തുകയ്ക്കു പുറമേ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഇപ്പോൾ അനുവദിച്ചിട്ടുള്ള 100 കോടി രൂപയ്ക്ക് പുറമേ അധിക തുക അനുവദിക്കുന്ന കാര്യം നിലവിലെ ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിലും പരിശോധിക്കുന്നതാണ്.

മേൽവിവരിച്ച പ്രസ്താവനയ്ക്ക് ശേഷം എസ്.ഡി.ജി. 2012-13-ൽ 2047-103-87 എന്ന ശീർഷകത്തിൽ വിവിധ വികസന പ്രവർത്തനങ്ങളിലും സാമൂഹ്യ സുരക്ഷ സേവന മേഖലകളിലുള്ള അധിക സേവനത്തിന് ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും നൽകുന്ന പ്രതിഫലത്തിന് വേണ്ടി ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 56428/ഭരണം-എ5/12/ധന. തീയതി 16-10-2012.)

## ധനാഭ്യർത്ഥന നമ്പർ XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

2070-00-800-98—സ്റ്റേറ്റ് ലോട്ടറി ഡയറക്ടറേറ്റ്

### ശുപാർശ (ഖണ്ഡിക 16)

ഏകദേശം ഒന്നരലക്ഷം ഏജന്റുമാരുടേയും തൊഴിലാളികളുടേയും ജീവനോപാധിയായ കേരള സംസ്ഥാന ലോട്ടറി വിറ്റുവരവിൽ 2009-10-ലെ 625 കോടി രൂപയിൽ നിന്നും 2011-ൽ 1,297 കോടി രൂപ എന്ന നിലയിലേക്ക് മുന്നേറ്റം നടത്തിയ സാഹചര്യത്തിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ആധുനികവൽക്കരണത്തിലൂടെയും ഓഫീസുകളുടെ നവീകരണത്തിലൂടെയും മാത്രമേ ഈ വർഷത്തെ ലക്ഷ്യമായ 1860 കോടി രൂപയുടെ വിറ്റുവരവ് നേടാനാകുകയുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ എത്രയും അടിയന്തരമായി ആരംഭിക്കേണ്ട കമ്പ്യൂട്ടർവൽക്കരണത്തിനും ഓഫീസ് നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷത്തിൽ വകുപ്പ് നവീകരണത്തിനായി തുക അനുവദിച്ചിരുന്നില്ല. സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ലോട്ടറി വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി 2 ഓട്ടോമാറ്റിക് ഡ്രോ മെഷീൻസ് സിഡ്കോയിൽ നിന്ന് വാങ്ങുന്നതിന് അനുമതി നല്കുകയും ഇവ ഉപയോഗിച്ചു കൊണ്ടുള്ള നറുക്കെടുപ്പ് 2013 ജൂലൈ മുതൽ ആരംഭിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ലോട്ടറി ഏജന്റുമാർക്ക് എസ്.ബി.ടി. വഴി പണം അടയ്ക്കുന്നതിനും എസ്.ബി.റ്റി.-ക്ക് 14 ജില്ലകളിലും ആട്ടോ സ്വീപ്പ് സംവിധാനം വഴി പണം സ്വീകരിക്കുന്നതിനുള്ള അനുമതിയും നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി ഇതുസംബന്ധിച്ച വിശദമായ ഒരു ശുപാർശ സമർപ്പിക്കുവാൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ ജില്ലാ ഓഫീസുകളിലും Counting Machine, Cash chest, Cutting Machine എന്നിവ ലഭ്യമാക്കുന്നതിനും, കൂടാതെ ലോട്ടറി വകുപ്പിന്റെ ഓഫീസുകളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനും Software modification-നുമുള്ള വിശദമായ ശുപാർശകളും ലഭ്യമാക്കുവാൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 15371/എച്ച് 1/2012/നി.വ. തീയതി 5-6-2013.)

### ശുപാർശ (ഖണ്ഡിക 17)

ലോട്ടറി വകുപ്പിൽ നിലവിൽ ജില്ലാ ഓഫീസുകൾ മാത്രമാണ് ഉള്ളത്. വിറ്റുവരവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ സംവിധാനം മുഖേന സർക്കാരിന് ലോട്ടറി വിതരണം നടത്തുന്നതിനും ചെറുകിട ലോട്ടറി തൊഴിലാളികൾക്ക് ദിവസവും ടിക്കറ്റ് ലഭ്യമാക്കുന്നതിനും വളരെയധികം ബുദ്ധിമുട്ട് നേരിടുന്നു. താലൂക്ക്തലത്തിൽ ഓഫീസുകൾ തുറക്കുകയാണ് ഇതിന് പരിഹാരമെന്ന് സമിതി കരുതുന്നു. ആയതിനാൽ ലോട്ടറി വകുപ്പിൽ താലൂക്ക് തലത്തിൽ ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2-2-2013-ലെ സ.ഉ.(കൈ.) നമ്പർ 17/2013/നി.വ. ഉത്തരവുപ്രകാരം കട്ടപ്പന, പുനലൂർ, താമരശ്ശേരി എന്നിവിടങ്ങളിൽ താലൂക്ക്തല ഓഫീസുകൾ ആരംഭിക്കുവാൻ സർക്കാർ അനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത താലൂക്ക്തല ഓഫീസുകളുടെ പ്രവർത്തനത്തിനായി പുതിയ ശീർഷകം ആരംഭിച്ച് 46.21 ലക്ഷം രൂപ SDG യായി അനുവദിക്കുന്നതിന് ഭാഗ്യക്കുറി ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 15371/എച്ച് 1/2012/നി.വ. തീയതി 5-6-2013.)

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

2075-00-103-95—കാരുണ്യ ലോട്ടറിയിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽക്കൂട്ടൽ

ശുപാർശ (ഖണ്ഡിക 18)

കാൻസർ, കിഡ്നി, ഹൃദയം എന്നിവ സംബന്ധമായ അസുഖങ്ങൾമൂലം അവശത അനുഭവിക്കുന്ന രോഗികളുടെ ചികിത്സയ്ക്കായി വിനിയോഗിക്കപ്പെടുന്ന കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ലാഭം 2011-12 സാമ്പത്തിക വർഷത്തിൽ ഏകദേശം 40 കോടി രൂപയായിരുന്നു. നടപ്പുവർഷം 80 കോടി രൂപ ലാഭമുണ്ടാക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന കാരുണ്യ ലോട്ടറിക്കായി 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2012-13-ൽ ബഡ്ജറ്റ് വിഹിതമായ 25 കോടിക്കുപുറമേ 75 കോടി രൂപകൂടി SDG യിൽ അനുവദിക്കുകയും ആകെ 100 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിന് നല്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 15371/എച്ച് 1/2012/നി.വ. തീയതി 5-6-2013.)

2075-00-800-98—രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

ശുപാർശ (ഖണ്ഡിക 19)

കേരളത്തിൽ പൈലറ്റ് പരിശീലനം നൽകുന്ന ഏക സർക്കാർ സ്ഥാപനമായ "രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി" ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം വിമാനത്താവള വികസനത്തിന്റെ ഭാഗമായി അക്കാദമിയുടെ നിലവിലുള്ള ഹാംഗർ, ഓഫീസ് കെട്ടിടം, ഇന്ധന സംഭരണി എന്നിവ ഇപ്പോൾ തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിൽ എയർപോർട്ട് അതോറിറ്റിയുടെ സ്ഥലത്തേക്ക് താൽക്കാലികമായി മാറ്റിസ്ഥാപിച്ചിരിക്കുകയാണ്. രണ്ട് വർഷംകൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിയുടെ കെട്ടിട നിർമ്മാണത്തിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ രാജീവ്ഗാന്ധി സെന്റർ ഫോർ ഏവിയേഷൻ ടെക്നോളജിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചേയ്യുന്നു.

<u>ശുപാർശ (ഖണ്ഡിക 20)</u>

തിരുവനന്തപുരം വിമാനത്താവള വികസനത്തിന്റെ ഭാഗമായി അക്കാദമിയുടെ നിലവിലുള്ള ഹാംഗർ മാറ്റി സ്ഥാപിക്കേണ്ടതായിവന്നിട്ടുണ്ട്. തിരുവനന്തപുരം അന്തർദ്ദേശീയ വിമാനത്താവളത്തിൽ എയർപോർട്ട് അതോറിറ്റിയുടെ സ്ഥലത്ത് താത്ക്കാലികമായി പ്രവർത്തിക്കുന്ന ഹാംഗർ പുതിയ സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കുന്നതിനായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി (ഖണ്ഡിക 19, 20)</u>

രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയ്ക്ക് കെട്ടിട നിർമ്മാണത്തിനായി 2012-13 സാമ്പത്തികവർഷം തുകവകയിരുത്താൻ സാമ്പത്തിക പരിമിതിമൂലം സാധിച്ചില്ല. എന്നാൽ അക്കാദമിക്ക് ഹാംഗർ നിർമ്മിക്കുന്നതിനായി 1,58,18,000 രൂപ (ഒരു കോടി അമ്പത്തെട്ടുലക്ഷത്തി പതിനെണ്ണായിരം രൂപ മാത്രം) 2012-13 സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 2828/എ1/2012/കാ.യു.വ. തീയതി 31-5-2013.)

കെ. എം. മാണി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2013 ജൂൺ 14.